പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2360 — 18.06.2014 ൽ മറുപടിക്ക്

## നീലേശ്വരം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃക്കരിപ്പൂർ , നീലേശ്വരം താലൂക്ക് ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തതിനുശേഷം ഈ ആശുപത്രികളിൽ പ്രസവചികിത്സ ഉൾപ്പെടെയുള്ള കിടത്തി ചികിത്സ കാര്യക്ഷമമായി നടക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | തൃക്കരിപ്പൂർ താലൂക്കാശുപത്രി അപ്ഗ്രേഡ് ചെയ്തതിനുശേഷം ഗൈനക്കോളജിസ്റ്റിന്റെ അഭാവത്തിലാണ് നിലവിൽ ഈ സ്ഥാപനത്തിൽ പ്രസവ ചികിത്സ നടക്കാത്തത്. സ്പെഷ്യാലിറ്റി വിഭാഗത്തിൽ കുട്ടികളുടെ ഡോക്ടർ മാത്രമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. ടി വിഭാഗത്തിൽ കിടത്തി ചികിത്സ ലഭ്യമാണ്. നീലേശ്വരം താലൂക്കാശുപത്രി അപ്ഗ്രേഡ് ചെയ്തതിനുശേഷം കിടത്തി ചികിത്സ നടക്കുന്നുണ്ട്. ഗൈനക്കോളജിസ്റ്റ് 17/02/2014 മുതൽ പഠനാവശ്യത്തിനുള്ള അവധിയിലായതിനാൽ സേവനം ലഭ്യമല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതൊക്കെ തസ്തികകളാണ് മേൽ സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ ഒരു സ്റ്റാഫ് നഴ്സിന്റെ തസ്തികയും, നീലേശ്വരം താലൂക്കാശുപത്രിയിൽ ദന്തൽ അസിസ്റ്റന്റ് സർജന്റെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ